## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2005 07.07.2015-ൽ മറുപടിയ്ക്ക്

# കെ.എ സ്. ഇ. ബി. യുടെ ആസ്തി.

ചോദ്യം

ശ്രീമതി. കെ. എസ്. സലീഖ :

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും കെ. എസ്. ഇ. ബി യുടെ ആഡിറ്റ് പ്രകാരം ഉള്ള ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂ എത്രയെന്നും തേയ്മാനം കഴിഞ്ഞുള്ള നെറ്റ് വാല്യൂ എത്ര യെന്നും മൊത്തം ആസ്തി എത്ര യെന്നും വ്യക്തമാക്കുമോ ;

(ബി) 2011-12-ൽ കെ.എ സ്. ഇ. ബി. യുടെ വസ്തുവകകൾ എത്ര തുക യുടേതായിരുന്നുവെന്നും കഴിഞ്ഞ നാലുവർഷമായി എത്ര തുകയുടെ വസ്തുവകകൾ വൈദ്യുതി ബോർ ഡിന് നഷ്ടപ്പെട്ടുവെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാ ക്കുമോ ;

(സി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും കെ. എസ്. ഇ. ബി. യുടെ മൂലധന വായ്പ എത്ര യെന്നും വർക്കിംഗ് ക്യാപ്പിറ്റലിനു വേണ്ടിയുള്ള ലോൺ എത്രയെന്നും

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) ബോർഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. ഇപ്രകാരം 2010-11 മുതൽ 2012-13 വരെയുള്ള ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂവും തേയ്മാനം കഴിഞ്ഞുള്ള നെറ്റ് വാല്യൂവും മൊത്തം ആസ്തി എത്ര എന്നുമുള്ള വിവരം ചുവടെ നൽകുന്നു. 2013-14 ലെ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

| സാമ്പത്തിക വർഷം | ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂ (രൂപ ലക്ഷത്തിൽ) | തേയ്മാനം കഴിഞ്ഞുള്ള നെറ്റ് വാല്യൂ (രൂപ ലക്ഷത്തിൽ) | നെറ്റ് വാല്യൂ ഉൾപ്പെടെയുള്ള മൊത്തം ആസ്തി (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 2010-11 | 11,21,090.31 | 6,36,214.90 | 9,12,177.27 |
| 2011-12 | 12,07,379.39 | 6,75,904.11 | 11,07,475.70 |
| 2012-13 | 12,69,287.39 | 6,86,880.91 | 13,54,833.88 |

(ബി) 2011-12 സാമ്പത്തിക വർഷാവസാന കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കൈവശമുള്ള വസ്തു വകകളുടെ (Land & Land Rights)ബുക്ക് വാല്യൂ 331.97 കോടി രൂപയാണ്.

ചില സ്ഥലങ്ങളിൽ കൈയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് ഒഴിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(സി) 2011-12 മുതൽ 2014-15 വരെ സാമ്പത്തിക വർഷാവസാനമുള്ള കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ മൂലധന വായ്പയുടെയും വർക്കിങ് ക്യാപിറ്റലിനു വേണ്ടിയുള്ള ലോണിന്റെയും വിവരങ്ങൾ ചുവടെ

മറ്റു വായ്പകൾ ഏതെല്ലാം എത്ര തുകയ്ക്ക് എന്നും വ്യക്തമാക്കുമോ ;

ചേർക്കുന്നു. ഇതിൽ 2013-14 സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തിയായിട്ടില്ല. 2014-15, 2015-16 എന്നീ വർഷങ്ങളിലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

| സാമ്പത്തിക വർഷം | മൂലധന വായ്പ (രൂപ ലക്ഷത്തിൽ) | വർക്കിംഗ് ക്യാപ്പിറ്റലിനു വേണ്ടിയുള്ള വായ്പ (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 1,35,633.90 | 1,11,448.66 |
| 2012-13 | 2,13,419.63 | 1,94,296.58 |
| 2013-14 | 2,95,748.31 | 2,30,362.22 |
| 2014-15 | 3,70,093.00 | 2,10,189.00 |

(ഡി) കെ. എസ്. ഇ. ബി-യുടെ പ്രവർത്തനങ്ങൾക്കായി 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും ചെലവായ തുക (വിവിധയിനങ്ങൾക്കുള്ള വിശദീകരണമുൾപ്പെടെ) എത്ര എന്ന് വ്യക്തമാക്കുമോ ?

(ഡി) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കായി 2011-12 മുതൽ 2012-13 വരെ ഓരോ വർഷവും ചെലവായ തുക ഇനം തിരിച്ച് ചുവടെ നൽകുന്നു. 2013-14 ലെ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. 2014-15, 2015-16 എന്നീ വർഷങ്ങളിലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

| ഇന വിവരം | 2011-12 സാമ്പത്തിക വർഷം (രൂപ ലക്ഷത്തിൽ) | 2012-13 സാമ്പത്തിക വർഷം (രൂപ ലക്ഷത്തിൽ) |
|---|---|---|
| വൈദ്യുതി വാങ്ങിയ ചെലവ് | 4,37,530.72 | 7,19,961.09 |
| വൈദ്യുതി ഉത്പാദന ചെലവ് | 28,165.59 | 56,499.11 |
| അറ്റകുറ്റ പണികൾ | 25,170.01 | 25,154.49 |
| ജീവനക്കാരുടെ ചെലവ് | 1,90,332.78 | 2,10,303.25 |
| ഭരണ ചെലവ് | 20,272.15 | 20,243.28 |
| തേയ്മാനവും മറ്റു ചെലവും | 46,599.88 | 50,931.18 |
| പലിശയിനത്തിലെ ചെലവ് | 34,051.80 | 58,053.05 |

സെക്ഷൻ ഓഫീസർ.